**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3057** **04-08-2021 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്തതിനാൽ അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നില്ല എന്ന പരാതി നിലനിൽക്കുമ്പോൾ നിലവിലുള്ള എച്ച്.എസ്.എ. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. 20.03.2020 മുതൽ 18.06.2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി എസ് സി റാങ്ക് പട്ടികകളുടെ കാലാവധി 19.06.2020 വരെ മൂന്നുമാസത്തേക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. 05.02.2021 മുതൽ 03.08.2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി എസ് സി റാങ്ക് പട്ടികകളുടെ കാലാവധി 04.08.2021 വരെ ആറ് മാസത്തേക്കും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ അവയുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ